**202 (268) ഔഷധ വ്യവസായ പാർക്കുകൾ**

ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ നിർമ്മാണ കമ്പനികൾ ഔഷധ സസ്യശേഖരണത്തിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഒഴിവാക്കുന്നതിനായി ഔഷധ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് 'കിൻഫ്ര' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇതിന്റെ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഔഷധ വ്യവസായ പാർക്കുകളുടെ നിർമ്മാണംമൂലം ഔഷധ നിർമ്മാണ വ്യവസായ രംഗത്തുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന ഗുണപരമായ നേട്ടങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഔഷധ നിർമ്മാണ വ്യവസായം നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി ഇടുക്കി ജില്ലയിലോ വയനാട് ജില്ലയിലോ ഒരു ഹെർബൽ വില്ലേജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി കിൻഫ്ര തയ്യാറാക്കി വരുന്നു. ഔഷധ ചെടികൾ വളർത്താനായി ഔഷധ വ്യവസായികൾക്ക് ഭൂമി നൽകാനായിട്ടാണ് ഉദ്ദേശിക്കുന്നത്.

(സി) ഇതിന്റെ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഒരു മാസത്തിനകം കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇതുമൂലം ഔഷധ നിർമ്മാണച്ചെടികളുടെ സംരക്ഷണം സാദ്ധ്യമാകുകയും ഈ വ്യവസായരംഗത്ത് ഇപ്പോൾ അനുഭവപ്പെടുന്ന മരുന്ന് ചെടികളുടെ ദൗർലഭ്യം ഗണ്യമായി കുറയുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മേഖലയിലെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കാനും, വളരെയധികം വിദേശനാണ്യം നേടാനും കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

**203 (269) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി വില്പന**

ശ്രീ. എം.എ. തോമസ് :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ടി.കെ നൗഷാദ് :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിനോടും അടച്ചുപൂട്ടുന്നതിനോടും സർക്കാരിന്റെ സമീപനം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടപ്പെടുകയോ വിൽക്കപ്പെടുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ സ്വയം പിരിഞ്ഞുപോകൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് സാമ്പത്തികപ്രതിസന്ധി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടിയതായോ വിൽക്കാൻ തീരുമാനിച്ചതായോ അറിവുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനമെന്ന് വെളിപ്പെടുത്തുമോ?

(എഫ്) പ്രസ്തുത സ്ഥാപനങ്ങൾ പിന്നീട് തുറന്ന് പ്രവർത്തിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ പൊതുമാർക്കറ്റിൽ വിൽക്കുന്നതിനും അവ സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടുവോ;

(എച്ച്) കേന്ദ്രഗവൺമെന്റിന്റെ ഈ നടപടികൾമൂലം സംസ്ഥാനത്തിന്റെ വ്യവസായമേഖലയിലും തൊഴിൽരംഗത്തും സംജാതമാകാവുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ ഈ നടപടിയിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ജെ) ഇതിനകം സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വില്പന നടത്തിയിട്ടുള്ളതെന്നും അവ എത്ര ശതമാനം വീതമാണെന്നും അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുകയോ അടച്ചുപൂട്ടുകയോ പാടില്ല എന്നതാണ് സർക്കാർ സമീപനം. മറിച്ച് നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവീകരണം, വിപുലീകരണം, വൈവിദ്ധ്യവൽക്കരണം, പുന:സംഘടന തുടങ്ങിയ മാർഗ്ഗങ്ങളിൽക്കൂടി മെച്ചപ്പെടുത്തുക എന്നുള്ളതാണ് സർക്കാർ നയം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പൊതുമേഖലാസ്ഥാപനവും വിൽക്കപ്പെട്ടിട്ടില്ല. പുനരുദ്ധരിക്കാൻ കഴിയാത്തതുകൊണ്ട് കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള പ്രീമോ പൈപ്പു ഫാക്ടറി ലിമിറ്റഡ് എന്നിവ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ സ്വയംപിരിഞ്ഞുപോകൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ചാലക്കുടി റീഫ്രാക്ടറീസ് ലിമിറ്റഡ്
2. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്
3. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
4. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്
5. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
6. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
7. കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്
8. കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
9. കേരള പ്രീമോ പൈപ്പുഫാക്ടറീസ് ലിമിറ്റഡ്
10. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്

(ഡി) പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, ചെറിയ തോതിൽ ഉള്ള മുതൽമുടക്കും പരിഷ്ക്കരിച്ച സാങ്കേതികവിദ്യയും കൊണ്ട് ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളിൽ അതിനുള്ള നടപടികൾ സ്വീകരിക്കുക, പലിശ കുറച്ച് മുതൽ മൊത്തമായി തിരച്ചടയ്ക്കുവാൻ സാധിക്കുന്നവയിൽ അങ്ങനെ ചെയ്യുക, സർക്കാർകടം മൂലധനമാക്കി മാറ്റി പലിശബാദ്ധ്യത കുറയ്ക്കുക, സമാന സ്വഭാവമുള്ളതോ, എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ ആയ യൂണിറ്റുകളെ ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക തുടങ്ങിയ പരിപാടികൾ ആണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ സാങ്കേതിക പുനരുദ്ധാരണം ആവശ്യമായ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് തക്ക സമയത്ത് ധനസഹായം നൽകുവാൻ കേരള ഇൻഡസ്ട്രീയൽ റൈറ്റലൈസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ത്തിനാവശ്യമായ നയരൂപീകരണത്തിന് സെക്ടർ തിരിച്ചുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയാണ് കൈമാറാൻ തീരുമാനിച്ചിരുന്നത്.

1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്
2. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
3. സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ്
4. സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ്
5. ആട്ടോകാസ്റ്റ് ലിമിറ്റഡ്
6. കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
7. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്
8. കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്
9. കേരള സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
10. ട്രിവാൻഡ്രം റബ്ബർ വർക്സ് ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly

11. കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്

(എഫ്) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലെ 'വിറ്റമിൻ എ' യൂണിറ്റും കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡും പിന്നീട് തുറന്നു പ്രവർത്തിപ്പിച്ചു. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡും, സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡും ലാഭം ഉണ്ടാക്കിത്തുടങ്ങി. ബാക്കിയുള്ളവയിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഒഴികെയുള്ള സ്ഥാപനങ്ങൾ തുടർന്നും പ്രവർത്തിച്ചുവരുന്നു.

(ജി)&(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ജെ) വിൽപ്പന നടത്താൻ തീരുമാനിച്ചതായി അറിയാം., വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

**204 (270) പഞ്ചായത്തുകളുടെ സാമ്പത്തികഭാരം**

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിനിരക്കും കുടിവെള്ളനിരക്കും വർദ്ധിപ്പിച്ചതുമൂലം പഞ്ചായത്തുകൾക്ക് അധിക സാമ്പത്തികഭാരം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകൾ ഫണ്ടിന്റെ അഭാവംമൂലം പ്രസ്തുത തുകകൾ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(സി) പല പഞ്ചായത്തുകളുടെയും തനതുഫണ്ട് ദൈനംദിന ആവശ്യങ്ങൾക്കുപോലും തികയാതെ വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതിചാർജ്ജിനത്തിൽ അപൂർവ്വം ചില പഞ്ചായത്തുകളിൽ കുടിശ്ശിക വന്നിട്ടുണ്ട്. എന്നാൽ കുടിവെള്ള മെയിന്റനൻസ് ചാർജ്ജിനത്തിൽ വാട്ടർ അതോറിറ്റിക്ക് ബഹുഭൂരിപക്ഷം പഞ്ചായത്തുകളും കുടിശ്ശിക അടയ്ക്കാൻ ബാക്കിയുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ റൂറൽ പൂൾ ഇനത്തിൽ ഗ്രാന്റുകൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly